## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5810** — **08-07-2024 - ൽ മറുപടിയ്ക്ക്**

## എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിംഗ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന എക്സൈസ് വകുപ്പിൽ പി. ആന്റ് എ.ആർ.ഡി.യുടെ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷവും മിനിസ്റ്റീരിയൽ വിംഗ് രൂപീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന എക്സൈസ് വകുപ്പിൽ പി. ആന്റ് എ.ആർ.ഡി.യുടെ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷവും മിനിസ്റ്റീരിയൽ വിംഗ് രൂപീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20.05.2024 തീയതിയിലെ ജി.ഒ.(പി) 420/2024-നികുതി നമ്പർ ഉത്തരവ് പ്രകാരം എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കണമെന്ന ശിപാർശ നിലവിൽ പരിഗണിക്കേണ്ടതില്ലായെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | സംസ്ഥാനത്ത് ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ ഫീൽഡിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ചെയ്യേണ്ട യൂണിഫോം ഉദ്യോഗസ്ഥരാണ് ഇപ്പോൾ മിനിസ്റ്റീരിയൽ ജോലി ചെയ്തുവരുന്നതെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം സ്പെഷ്യൽ യൂണിറ്റുകളിൽ സേവനത്തിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരാണ് എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ ജോലികൾ ചെയ്തുവരുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ ലഹരി ഉപയോഗം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തടയാൻ എൻഫോഴ്സ്മെന്റിനുവേണ്ടി ഉപയോഗിക്കുന്നതിനും പി. ആന്റ് എ.ആർ.ഡി.യുടെ പഠന റിപ്പോർട്ട് പ്രകാരം മിനിസ്റ്റീരിയൽ വിംഗ് രൂപീകരിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് 2018-ൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഒരു പഠന റിപ്പോർട്ട് ലഭ്യമാക്കിയിരുന്നുവെങ്കിലും എപ്രകാരമാണ് മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്നതിന് ആവശ്യമായ തസ്തികകൾ കണ്ടെത്തുന്നതെന്ന് ആയതിൽ വ്യക്തമായി പ്രതിപാദിച്ചിരുന്നില്ല. നിലവിൽ എക്സൈസ് വകുപ്പിൽ ഓരോ തസ്തികയിലുമുള്ള എക്സൈസ് ഉദ്യോഗസ്ഥരുടെയും വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന എക്സൈസ് ജീവനക്കാരുടെയും ജോലിഭാരം നിർണ്ണയിച്ച് ജോലി സമയം ശാസ്ത്രീയമായി ക്രമീകരിക്കുന്നതിന്മേലും, എക്സൈസ് വകുപ്പിൽ ഒരു മിനിസ്റ്റീരിയൽ വിഭാഗം എപ്രകാരം രൂപീകരിക്കാൻ സാധിക്കുന്നതിന്മേലും |

| | | | |
|---|---|---|---|
| | | | പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി എഫ് 1/110/2019/നികുതി നമ്പർ ഫയൽ 23/03/2024 തീയതിയിൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ